കേൾക്കേണ്ട ശബ്ദം:

തെരഞ്ഞെടുപ്പിൽ ജയിക്കുന്നവരിൽ വഷളൻമാരുമുണ്ട്. ഇവർ നല്ലവരെ നോക്കി കൊഞ്ഞനംകുത്തുകയാണ്. അങ്ങനെയുള്ളവർ ഉണ്ടാകാൻ പാടില്ല. ജനങ്ങളെ സേവിക്കാൻ മനസുള്ളവരെയാണ് രാഷ്ട്രീയ പാർട്ടികൾ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാക്കേണ്ടത്.

-അടൂർ ഗോപാലകൃഷ്ണൻ

മക്തബ്

1193 മിഥുനം 23 1439 ശവ്വാൽ 23

ഒരു നെൽവയലിന്റെ കൂടി മരണവാറന്റിൽ ഒപ്പിടുമ്പോൾ

കീഴാറ്റൂരിന് പിറകെ കണ്ണൂർ ജില്ലയിൽ മറ്റൊരു നെൽവയലിന് കൂടി ഭരണാധികാരികൾ മരണവാറന്റ് പുറപ്പെടുവിച്ചിരിക്കുന്നു. പയ്യന്നൂരിനടുത്ത കണ്ടങ്കാളിയിലെ 84 ഏക്കർ നെൽവയലാണ് എണ്ണ സംഭരണശാല സ്ഥാപിക്കാൻ ഏറ്റെടുക്കുന്നത്. വികസന ഭീകരവാദികൾക്ക് എന്തേ നെൽവയലുകളോട് ഇത്ര വിരോധം. എല്ലാ വികസനഭീകര സംരംഭങ്ങളും നെൽവയൽ ഇല്ലാതാക്കിക്കൊണ്ടാകണമെന്ന ദുർവാശിയിലാണ് അധികാരികൾ. അതിന് കാരണം വയലുകളുടെ വിപണിമൂല്യത്തിന് അപ്പുറം അവയ്ക്കുള്ള വിലമതിക്കാനാവാത്ത മൂല്യം കാണാനുള്ള ഉൾക്കണ്ണ് ഇല്ലായെന്നത് തന്നെയാണ്. വിപണി മൂല്യം അനുസരിച്ച് വയലുകൾക്ക് ഏറ്റവും കുറഞ്ഞ വില മാത്രമേയുള്ളൂ. അത് മണ്ണിട്ട് നികത്തി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതോടെ വിപണി വില ഉയരും. എന്നാൽ തലമുറകൾക്ക് വേണ്ടുന്ന ജലസംഭരണിയെയാണ് ഇല്ലാതാക്കുന്നത് എന്നതാണ് കൊടുംപാതകം. നമുക്ക് കുടിവെള്ളം എന്തിന്, അരിയെന്തിന്...

ഒരുതരത്തിലും ന്യായീകരിക്കാനാവാത്ത പ്രവൃത്തിയാണ് കണ്ടങ്കാളിയിൽ നെൽവയലുകൾ ഏറ്റെടുത്ത് എണ്ണ സംഭരണശാല പണിയുന്നത്. നിലവിൽ കണ്ണൂർ, കോഴിക്കോട്, ഫറോക്ക്, വെസ്റ്റ്ഹിൽ എന്നിവിടങ്ങളിൽ എണ്ണ സംഭരണശാലകളുണ്ട്. അവയൊക്കെ നിർത്തലാക്കി കണ്ടങ്കാളിയിൽ കൂറ്റൻ എണ്ണ സംഭരണശാല പണിയുകയാണ്. എന്താണ് ഇതുകൊണ്ടുള്ള നേട്ടം. റോഡ് മാർഗം എണ്ണ കൊണ്ടുപോകുന്നത് നിർത്തലാക്കി റെയിൽ മാർഗമാക്കണമെന്ന ആവശ്യം ദീർഘനാളായി ഉയരുന്നുണ്ട്. അതിന് എന്തെങ്കിലും പരിഹാരമാകുമോ കണ്ടങ്കാളി എണ്ണ സംഭരണശാല. തൃശൂർ, പാലക്കാട് അടക്കമുള്ള ജില്ലകളിലേക്ക് എണ്ണ കൊണ്ടുപോകേണ്ടത് കണ്ടങ്കാളി സംഭരണശാല യാഥാർത്ഥ്യമാകുന്നതോടെ അവിടെ നിന്നാണ്. കണ്ടങ്കാളിയിൽ നിന്ന് പാലക്കാട്ടേക്കുള്ള ദൂരം എത്രയാണ്. ഫറോക്കിനെക്കാൾ കുറഞ്ഞ ദൂരമാണോ. അതായത് റോഡുമാർഗമുള്ള എണ്ണ കൊണ്ടുപോകൽ ദൂരം കുറയുകയല്ല വർധിക്കുകയാണ് ചെയ്യുക.

ശാസ്ത്രീയമായി കൂറ്റൻ എണ്ണ സംഭരണശാലകളെക്കാൾ ചെറുകിട സംഭരണശാലകളാണ് സുരക്ഷിതത്വം. എണ്ണ സംഭരണശാലയിലുണ്ടാകുന്ന ഏതൊരു അപകടവും കൂറ്റൻ എണ്ണ സംഭരണശാലയിലാകുമ്പോൾ അതിഭീകരമായി മാറും. അതിനാൽ നിലവിലുള്ള എണ്ണ സംഭരണശാലകൾ ശാസ്ത്രീയവും ആധുനികവുമായി വികസിപ്പിക്കാനുള്ള മാർഗങ്ങളാണ് സ്വീകരിക്കേണ്ടത്. മാത്രമല്ല വികേന്ദ്രീകരണത്തെ കുറിച്ചാണല്ലോ ഭരണാധികാരികൾ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. നിലവിലെ സാഹചര്യത്തിൽ പുതുതായി കൂറ്റൻ എണ്ണ സംഭരണശാല പണിയുക എന്നത് അങ്ങേയറ്റം വിഢിത്തമാണ്. കാരണം ലോകത്ത് ഖനിജ ഇന്ധനങ്ങൾ കുറഞ്ഞുവരികയാണ്. 50-100 വർഷത്തേക്കുള്ള ഖനിജ ഇന്ധനങ്ങളേ അവശേഷിക്കുന്നുള്ളൂവെന്ന് ശാസ്ത്രലോകം മുന്നറിയിപ്പ് നൽകിക്കഴിഞ്ഞു. അതുകൊണ്ട് വൈദ്യുതോർജത്തിൽ ഓടുന്ന വാഹനങ്ങൾ വികസിപ്പിക്കുന്നതിനുള്ള പരീക്ഷണങ്ങൾ ലോകത്താകമാനം തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണ്. അത്തരമൊരു അവസ്ഥയിൽ പുതുതായി കൂറ്റൻ എണ്ണ സംഭരണശാല എന്നതിന് പിറകിൽ മറ്റ് എന്തോ അജണ്ടയുണ്ടെന്ന് ന്യായമായും സംശയിക്കാവുന്നതാണ്.

സാധാരണഗതിയിൽ നെൽവയൽ നികത്തിയുള്ള പദ്ധതികളെ ന്യായീകരിക്കാൻ പറയാറുള്ളത് ഇത്രമാത്രം ആളുകൾക്ക് തൊഴിൽ നൽകുമെന്നാണ്. പലപ്പോഴും അത് കൊട്ടക്കണക്കായിരിക്കും. കേരളത്തിൽ പ്രത്യേക സാമ്പത്തിക മേഖലകൾ അനുവദിക്കുമ്പോൾ പറഞ്ഞ തൊഴിൽ കണക്കുകളെ കുറിച്ചൊന്ന് പഠിക്കണം. അവകാശവാദത്തിന്റെ പകുതി പേർക്കെങ്കിലും തൊഴിൽ നൽകിയിട്ടുണ്ടോയെന്ന് അപ്പോൾ മനസിലാക്കാൻ കഴിയും. നെൽവയൽ-തണ്ണീർത്തട നിയമഭേദഗതി കൊണ്ടുവന്ന് മുഖ്യമന്ത്രി പറഞ്ഞത് 1500 പേർക്ക് തൊഴിൽ നൽകുന്ന ഒരു ഐ.ടി. കമ്പനി വയൽ നികത്തൽ നിയമത്തിന്റെ കുരുക്കിൽപ്പെട്ടിരിക്കുകയാണെന്നാണ്. എന്നാൽ 14 സെന്റ് ഭൂമി മാത്രമാണ് ഈ കമ്പനിയുടെ കൈവശമുള്ള ഭൂമിയിൽ വയൽ. അത് നികത്താതെ തന്നെ കമ്പനിക്ക് മുന്നോട്ടുപോകാൻ കഴിയുമെന്ന വസ്തുതയെയാണ് നട്ടാൽ മുളക്കാത്ത നുണ കൊണ്ട് കേരളത്തെ മൊത്തം പ്രതികൂലമായി ബാധിക്കുന്ന നിയമഭേദഗതിക്ക് ന്യായീകരണമായി നിരത്തിയത്. അതു പോകട്ടെ കണ്ടങ്കാളി എണ്ണ സംഭരണശാലയിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കും. അമ്പതിൽ താഴെ ജീവനക്കാർ മാത്രമേ ഇവിടെ വേണ്ടൂ. കണ്ണൂർ, വെസ്റ്റ് ഹിൽ, ഫറോക്ക് സംഭരണ ശാലകൾ നിർത്തലാക്കുമ്പോൾ, അവിടെയുള്ള ജീവനക്കാരെ ഇവിടെ നിയമിക്കേണ്ടിവരും. പുതുതായി ഒരാൾക്ക് പോലും ജോലി ലഭിക്കില്ലെന്ന് അർത്ഥം.

നവ ഉദാരവൽക്കരണ നയത്തിന്റെ ഫലമാണ് ചെറുകിട എണ്ണ സംഭരണശാലകൾ നിർത്തലാക്കി കൂറ്റൻ സംഭരണശാല പണിയുക എന്നത്. അതിലൂടെ തൊഴിൽ കുറക്കാനും മറ്റും സാധിക്കും. മാത്രമല്ല കണ്ണൂർ പോലുള്ള നഗരങ്ങളിലെ കണ്ണായ സ്ഥലങ്ങൾ ഒഴിഞ്ഞുകിട്ടുകയും ചെയ്യും. പുതിയ സംഭരണശാലക്കുവേണ്ടി സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകുകയും ചെയ്യും.

കണ്ടങ്കാളി എണ്ണ സംഭരണശാലയെ കുറിച്ച് ജില്ലാ കലക്ടർ ജനകീയ തെളിവെടുപ്പ് നടത്തിയതാണ്. അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് കണ്ടങ്കാളിയിൽ എണ്ണ സംഭരണശാല സ്ഥാപിക്കുന്നതിന് എതിരാണ്. അതുപോലും പരിഗണിക്കാതെയാണ് എണ്ണ സംഭരണശാല കണ്ടങ്കാളിയിൽ തന്നെ സ്ഥാപിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചത്. സർക്കാർ ഒരു ജനാധിപത്യ സംവിധാനമാണെങ്കിൽ ജനകീയ അഭിപ്രായം മാനിക്കേണ്ടതാണ്. പിന്നെ എന്തിനാണ് ജനകീയ തെളിവെടുപ്പ് നടത്തിയത്.

എണ്ണ കമ്പനികൾക്ക് അല്ലാതെ സമൂഹത്തിന് ഒരു പ്രയോജനവും ചെയ്യാത്ത ഈ മാരണത്തിനു വേണ്ടിയാണോ 84 ഏക്കർ നെൽവയൽ ഇല്ലാതാക്കേണ്ടത്?

നിർമ്മാണ തൊഴിലാളി പെൻഷൻ 3000 രൂപയായി ഉയർത്തണം

ഉദയഗിരി: നിർമ്മാണ തൊഴിലാളി പെൻഷൻ പ്രതിമാസം 3000 രൂപയായി ഉയർത്തണമെന്ന് ആലക്കോട് ഏരിയ കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) ഉദയഗിരി ഡിവിഷൻ സമ്മേളനം ആവശ്യപ്പെട്ടു. സി.വി.ജോസഫ് അധ്യക്ഷത വഹിച്ചു. കെ.എസ്.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ഭാരവാഹികളായി സി.വി.ജോസഫ് (പ്രസിഡണ്ട്), കെ.വി.ജയിംസ് (വൈസ് പ്രസിഡണ്ട്), പി.കെ.വിശ്വനാഥൻ (സെക്രട്ടറി), എം.കെ. രാജു (ജോ.സെക്രട്ടറി) എന്നിവരെ തിരഞ്ഞെടുത്തു.

ഡിവിഷൻ
10.06.2018
CITU
നിർമ്മാണ തൊഴിലാളി യൂണിയൻ ഉദയഗിരി ഡിവിഷൻ സമ്മേളനം കെ.എസ്.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

പഴയങ്ങാടി ബസ്സ്റ്റാന്റ് നവീകരണം പാതിവഴിയിൽ നിലച്ചു

പഴയങ്ങാടി: കാലപഴക്കം കൊണ്ട് തകർന്നടിഞ്ഞ് താറുമാറായ ഏഴോം പഞ്ചായത്തിന്റെ കീഴിലുള്ള പഴയങ്ങാടി ബസ് സ്റ്റാൻഡ് കോൺക്രീറ്റ് ചെയ്ത് നവീകരിക്കാനാണ് പദ്ധതി. എന്നാൽ ഇതിനായി രണ്ട് മാസം മുൻപാണ് ബസ് സ്റ്റാൻഡ് അടച്ചിട്ടത്. ഇതിനിടയിൽ നിർമ്മാണ പ്രവർത്തി തുടങ്ങിയെങ്കിലും പാതിവഴിയിൽ നിലച്ചിട്ട് ഒരു മാസമായി. കരാറുകാരനും എഞ്ചിനീയർമാരും തമ്മിലുള്ള പടലപിണക്കമാണ് പ്രവർത്തി പാതിവഴിയിൽ നിലക്കാൻ കാരണമായത്. നിർമ്മാണത്തിനിറക്കിയ സാമഗ്രഹികളുടെ ഗുണനിലവാരമില്ലായ് മയുടെ പേരിലാണ് ബന്ധപെട്ട ഉദ്യോഗസ്ഥർ നിർമ്മാണ പ്രവർത്തി നിർത്തിവെച്ചത്. 1.35 കോടി എംഎൽ എ ഫണ്ട് ഉപയോഗിച്ചാണ് നവീകരണം നടത്തുന്നത്. എന്നാൽ കരാർ തുകക്ക് പുറമെ അമ്പത് ലക്ഷം രൂപ കൂടി അനുവദിച്ചാൽ മാത്രമെ നിർമ്മാണ പ്രവർത്തി പൂർത്തീകരിക്കാൻ കഴിയു എന്ന നിലപാടിലാണ് കരാറുകാരൻ നവീകരണത്തിനായി സ്റ്റാന്റ് അടച്ചതോടെ പല വ്യാപാരികളും സ്ഥാപനം പൂട്ടി മറ്റ് ജോലികൾക്കായി പോയി. എംഎൽ എ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തി പാടെ നിലച്ചിട്ടും ടി.വി.രാജേഷ് ഇടപെടാത്തതിൽ പ്രതിഷേധം വ്യാപകമായി ഉയർന്നിട്ടുണ്ട്. ബസ്സ്റ്റാന്റ് നവീകരണ പ്രവർത്തി വൈകുന്നതു കൊണ്ട് പഴയങ്ങാടിയിലെ ഗതാഗത കുരുക്കും ദിനംപ്രതി രൂക്ഷമാവുകയാണ്.

നവീകരണം പാതി വഴിയിൽ നിലച്ച പഴയങ്ങാടി ബസ്സ്റ്റാന്റ്

അനുമോദിച്ചു

തളിപ്പറമ്പ:എസ്.എസ്.എൽ.സി പരീക്ഷയിൽ സഹായി കൂട്ടായ്മ അംഗങ്ങളുടെ മക്കളിൽ നിന്നും ഉന്നതവിജയം നേടിയ ദിയാനഫാത്തിമയെ സഹായി അനുമോദിച്ചു.റഫീഖ് ഡാൻഡി ഉപഹാര സമർപ്പണം നടത്തി. പ്രസിഡണ്ട് കെ.പി.സി.ഹാരിസ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. മുഹമ്മദ് സിറാജുദ്ധീൻ അനുമോദന പ്രസംഗം നടത്തി. സെക്രട്ടറി കെ.മുഹമ്മദ് ഷാഫി സ്വാഗതവും മൊയ്തു പറമ്മൽ നന്ദിയും പറഞ്ഞു.

എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ്നേടിയ ദിയാന ഫാത്തിമക്കുള്ള സഹായിയുടെ ഉപഹാരം റഫീഖ് ഡാൻഡി കൈമാറുന്നു

മോറാഴ കോളേജിൽ എസ്.എഫ്.ഐ സംഘടിപ്പിച്ച പ്രതിഷേധ ജ്വാല

യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു

ശ്രീകണ്ഠപുരം: ദേശീയ നഗര ഉപജീവന മിഷൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ നഗരസഭാ പരിധിയിലെ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നു. തൊഴിൽ പരിശീലനവും തൊഴിലും എന്ന കർമപദ്ധതിയിലൂടെയാണ് പരിശീലനം. നഗരസഭ പരിധിയിൽ താമസിക്കുന്ന ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ യുവാക്കൾക്കാണ് പരിശീലനം.

വിവിധ കോഴ്സുകളിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ഏഴിന് 11 മുതൽ നഗരസഭ ഹാളിൽ ഓറിയന്റേഷൻ ക്ലാസ് നടത്തും. 18 നും 35 നും ഇടയിൽ പ്രായമുള്ള എസ്.എസ്.എൽ.സി. ജയിച്ചവർക്ക് പങ്കെടുക്കാം.

കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർഥികളിൽ 70ശതമാനം പേർക്ക് 8000 രൂപ മിനിമം വേതനം ഉറപ്പുവരുത്തുന്ന തൊഴിൽ പ്രവേശനവും കേന്ദ്ര സർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകളും ലഭിക്കും. താൽപ്പര്യമുള്ളവർ ശ്രീകണ്ഠപുരം കുടുംബശ്രീ ഓഫീസുമായി ബന്ധപ്പെടുക.

ഗാന്ധി സ്റ്റഡി സെന്റർ വായാട്ടുപറമ്പിൽ സംഘടിപ്പിച്ച ആയുർവേദ മെഡിക്കൽ ക്യാമ്പ് സുമിത്ര ഭാസ്കരൻ ഉദ്ഘാടനം ചെയ്യുന്നു.

ആയുർവേദ മെഡിക്കൽ ക്യാമ്പ്

ആലക്കോട്: കണ്ണൂർ ഭാരതീയ ചികിത്സാ വകുപ്പ്, ചപ്പാരപ്പടവ് പഞ്ചായത്ത് മാതൃകാ ആയുർവേദ ഡിസ്പെൻസറി എന്നിവയുടെ സഹകരണത്തോടെ വായാട്ടുപറമ്പ് ഗാന്ധി സെന്റർ സംഘടിപ്പിച്ച ആയുർവേദ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്ന് വിതരണവും ജില്ലാ പഞ്ചായത്ത് മെമ്പർ സുമിത്രാ ഭാസ്കരൻ ഉദ്ഘാടനം ചെയ്തു. ജോസ് വെട്ടുകല്ലാംകുഴി അധ്യക്ഷത വഹിച്ചു. പി.ജെ. മാത്യു, സജി ഓതറ, ജോസ് ഏത്തയ്ക്കാട്ട്, റോസമ്മ തൈക്കുന്നുംപുറം പ്രസംഗിച്ചു. ഡോ. പി.വി. പ്രീത ബോധവൽക്കരണ ക്ലാസ് നയിച്ചു. സജി കിടാരത്തിൽ സ്വാഗതവും ജോഷി പൂങ്കുടിയിൽ നന്ദിയും പറഞ്ഞു. ഡോ. റെജിനാമ്മ,ഡോ. അഞ്ജു ദാമോദരൻ നേതൃത്വം നൽകി. എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികൾക്കുള്ള അനുമോദനവും നടന്നു.

കട്ടിളവെപ്പ് കർമ്മം നടത്തി

പറശിനിക്കടവ്: പുനരുദ്ധാരണം നടത്തിയ കോൾതുരുത്തി കണ്ടത്തിൽ വളപ്പിൽ കതിവന്നൂർവീരൻ ദേവസ്ഥാനത്തിന്റെ കട്ടിളവെപ്പ് കർമ്മം നടത്തി. ക്ഷേത്രം തന്ത്രി മാടമന ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ കെ. പി.ശ്രീധരൻ ആചാരി, രാജീവൻ പയ്യരട്ട, രാമചന്ദ്രൻ കോടല്ലൂർ, രാമകൃഷ്ണൻ കുന്നരു എന്നിവരുടെ നേതൃത്വത്തിലാണ് ചടങ്ങ് നടത്തിയത്.

എൽ.എസ്.എസ് വിജയികൾക്ക് അനുമോദനം

കുറുമാത്തൂർ: പുല്ലാഞ്ഞ്യോട് എ.എൽ.പി.സ്കൂളിൽ നിന്നും എൽ.എസ്.എസ് പരീക്ഷയിൽ വിജയിച്ച വി.യു.മുഹമ്മദ് സമീൽ, കെ.ദേവനന്ദ എന്നിവർക്ക് അനുമോദനം നൽകി. തളിപ്പറമ്പ് നോർത്ത് ഉപജില്ലാ ഓഫീസർ മുസ്തഫ സമ്മാന വിതരണം നിർവഹിച്ചു. പി.ടി.എ പ്രസിഡണ്ട് രാജേഷ്ബാബു, ഹരിജയന്തൻ മാസ്റ്റർ സംസാരിച്ചു. അധ്യാപിക സുനിതകുമാരി സ്വാഗതവും അബൂബക്കർ റഷീദ് നന്ദിയും പറഞ്ഞു.

എസ്.കെ.എസ്.ബി.വി രൂപീകരിച്ചു

കരിമ്പം: ഹിലാൽ നഗർ ഹിദായത്തുൽ ഇസ്ലാം മദ്രസയൽ എസ്.കെ.എസ്.ബി.വി രൂപീകരിച്ചു. സദർ മുഅല്ലിം അബ്ദുല്ല ദാരിമി ഓണപ്പറമ്പിന്റെ അധ്യക്ഷതയിൽ കബീർ മുസ്ല്യാർ ഉദ്ഘാടനം ചെയ്തു. ഹാരിസ് മൗലവി സ്വാഗതവും റംഷാദ് നന്ദിയും പറഞ്ഞു. ഭാരവാഹികളായി അബ്ദുല്ല ദാരിമി ഓണപ്പറമ്പ് (ചെയർമാൻ), ഹാരിസ് മൗലവി ചെറിയൂർ (കൺവീനർ), സഫ്വാൻ (പ്രസിഡണ്ട്), മുഹമ്മദ് റാസി (വൈസ് പ്രസിഡണ്ട്), കെ.ഷാനിദ് (ജന. സെക്രട്ടറി), പി.പി.ആദിൽ, റംഷാദ് (ജോ. സെക്രട്ടറി), എം.വി. ഇർഫാൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

സ്വദേശി ദർസ് നടത്തി

തളിപ്പറമ്പ: കുറുമാത്തൂർ പൊക്കുണ്ട് മഹല്ല് മുസ്ലിം ജമാഅത്ത് കമ്മിറ്റിയുടെ കീഴിൽ സ്വദേശി ദർസ് മഹല്ല് ജമാഅത്ത് പ്രസിഡണ്ട് ടി.വി.അലിയുടെ അധ്യക്ഷതയിൽ ജംഇയ്യത്തുൽ ഖുതുബ സംസ്ഥാന വൈസ് പ്രസിഡണ്ട് ചുഴലി മുഹ്‌യുദ്ധീൻ ബാഖവി ഉദ്ഘാടനം ചെയ്തു. മഹല്ല് ഖത്വീബ് ഹാരിസ് അൽഅസ്ഹരി ഉദ്ബോധനം നടത്തി. ചൊറുക്കള റെയിഞ്ച് പ്രസിഡണ്ട് ചുഴലി മുഹ്‌യുദ്ധീൻ ബാഖവി ഉദ്ഘാടനം ചെയ്തു. മഹല്ല് ഖത്തീബ് ഹാരിസ് അൽഅസ്ഹരി ഉദ്ബോധനം നടത്തി. ഹസൻ മുസ്ല്യാർ, സുബൈർ മൗലവി, ട്രഷറർ അഹമ്മദ് മഴൂർ, കെ.പി.അബ്ദുള്ള ഹാജി, സദർ മുഅല്ലിം, ഉസ്മാൻ മുസ്ല്യാർ പ്രസംഗിച്ചു. മഹല്ല് ജന. സെക്രട്ടറി അഷ്റഫ് ഹാജി സ്വാഗതവും സെക്രട്ടറി കെ.പി.ഫിറോസ് നന്ദിയും പറഞ്ഞു.

എസ്.എഫ്.ഐ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു

തളിപ്പറമ്പ: അഭിമന്യുവിന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ തളിപ്പറമ്പ ഏരിയ കമ്മിറ്റി യൂണിറ്റുകളിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. ക്യാമ്പസ് ഫ്രണ്ട് ക്യാമ്പസിന്റെ ശത്രു എന്ന മുദ്രാവാക്യമുയർത്തി നടത്തിയ പരിപാടിയിൽ വർഗ്ഗീയ വാദികളെ ഒറ്റപ്പെടുത്തുന്നതിന് പ്രതിജ്ഞ എടുത്തു. നന്ദകിഷോർ, രാഹുൽ, ശിശിര, മനു സേവ്യർ, ബിനിൽ, അഭിനന്ദ്, അംഗിത്ത്, മേഘ, അഖിൽ, അമൽ, വിശ്വന്ത്, നമിത, മനു എന്നിവർ സംസാരിച്ചു. പ്രതിഷേധ ജ്വാല തീർത്ത് പ്രതിഷേധവും രേഖപ്പെടുത്തി.

കെ.വി.വി.ഇ.എസ് പൊതുയോഗവും ഉന്നത വിജയികളെ ആദരിക്കലും പത്തിന്

ആലക്കോട്: കേരള വ്യാപാരി വ്യവസായി ഏകോപനസമിതി ആലക്കോട് യൂണിറ്റ് വാർഷിക പൊതുയോഗവും ഉന്നത വിജയികളെ ആദരിക്കലും പത്തിന് രാവിലെ 9.30 മുതൽ ആലക്കോട് വ്യാപാരഭവനിൽ നടക്കും. കെ.എം. ഹരിദാസിന്റെ അധ്യക്ഷതയിൽ ജില്ലാ പ്രസിഡണ്ട് ദേവസ്യ മേച്ചേരി ഉദ്ഘാടനം ചെയ്യും. ജെ. സെബാസ്റ്റ്യൻ, എം.പി. തിലകൻ, എം.എ. ജോൺസൺ, റോയി പുളിക്കൻ, ജോൺ പടിഞ്ഞാത്ത്, പി.എ. അഗസ്റ്റിൻ പ്രസംഗിക്കും. എൻ.എം. മൊയ്തീൻ സ്വാഗതവും സി.എം. ജോസ് നന്ദിയും പറയും.

പൊതുയോഗം പ്രമാണിച്ച് പത്തിന് രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരു മണി വരെ യൂണിറ്റിലെ വ്യാപാര സ്ഥാപനങ്ങൾ അവധിയായിരിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

കണ്ണപുരം മണ്ഡലം കോൺഗ്രസ് കമ്മിറ്റി നടത്തിയ കെ.കരുണാകരൻ ജന്മശതാബ്ദി ആചരണം

കെ.കരുണാകരൻ ജന്മശതാബ്ദി ആചരിച്ചു

കണ്ണപുരം: കണ്ണപുരം മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കെ.കരുണാകരൻ ജന്മശതാബ്ദി ദിനാചരണം സംഘടിപ്പിച്ചു. മണ്ഡലം കോൺഗ്രസ് പ്രസിഡണ്ട് രാജേഷ് പാലങ്ങാട്ട് അധ്യക്ഷത വഹിച്ചു. കല്യാശേരി ബ്ലോക്ക് കോൺഗ്രസ് പ്രസിഡണ്ട് കാപ്പാടൻ ശശിധരൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് കോൺഗ്രസ് ജന. സെക്രട്ടറിമാരായ പി.ഒ.മുരളീധരൻ, എം.അംബ്രോസ്, മണ്ഡലം ഭാരവാഹികളായ വി.വി.രവീന്ദ്രൻ, കെ.വിജയൻ, ഷാജി കുവാങ്കൽ, രാജൻ കാരക്കുന്ന്, പി. ജയചന്ദ്രൻ, കെ.സുരേഷ്കുമാർ, എ.വി.സുരേശൻ പ്രസംഗിച്ചു.

'ഖരം' അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവലിലേക്ക്

കണ്ണൂർ: ഹാന്റോവർ ഫിലിംസിന്റെ ബാനറിൽ ഗൈനക്കോളജിസ്റ്റ് ഡോ. പി. വി. ജോസ് രചനയും സംവിധാനവും നിർവഹിച്ച 'ഖരം' കൽക്കത്തയിൽ നടക്കുന്ന ലേക്ക്വ്യൂ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുത്തു. തെന്നിന്ത്യയിൽ നിന്ന് ഖരത്തിന് മാത്രമാണ് ഇങ്ങനെയൊരു അവസരം ലഭിച്ചത്. വിഷ്ണു ഉദയന്റെ 'വഷ്റ്റ്' വൈന്റ് ഭാധ്യയുടെ 'ദി പ്രോഫസി' എന്നിവയാണ് മറ്റു രണ്ട് ഇന്ത്യൻ ചിത്രങ്ങൾ. മാൾട്ടയിൽ നടക്കുന്ന റെഡ് കോർണർ ഫെസ്റ്റിവലിലേക്കും 'ഖരത്തിന്' പ്രത്യേക ക്ഷണമുണ്ട്.

ഒരു കഴുതയെയും ഒരു പൊട്ടനെയും മുഴുനീള കഥാപാത്രമാക്കി മലയാള സിനിമയിൽ ഇതുവരയില്ലാത്ത രീതിയിൽ വ്യത്യസ്തമായൊരു കഥ പറയുകയാണ് ഖരം എന്ന സിനിമ.

ഡോ. പി.വി. ജോസ്

എഴുപതു കാലഘട്ടത്തിലെ ജന്മി കുടിയാൻ ബന്ധത്തിന്റെയും ഇടതുപക്ഷ തീവ്രവാദ രാഷ്ട്രീയത്തിന്റെയും വേരുകളിലൂടെ നീങ്ങുന്ന കഥ അന്നത്തെയും ഇന്നത്തെയും സമൂഹം അനുഭവിക്കുന്ന ചൂഷണത്തിന്റെ ആഴം പരിശോധിക്കുകയാണ്.

കണ്ണകിയും കണവനുമാണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങൾ. ജന്മിയുടെ ഇംഗിതത്തിനെതിരെ പോരാടുന്ന കണ്ണകിയായി അഭിനയിക്കുന്നത് പ്രവീണാ മാധവും കണവനായി പ്രകാശ് ചെങ്ങലുമാണ്. സഖാവ് മുരളിയായി സന്തോഷ് കീഴാറ്റൂർ, കൂടാതെ മഞ്ജുളൻ തുടങ്ങിയവർ വേഷമിടുന്നു. ഛായാഗ്രഹണം ബി. രാജകുമാർ, ഗാനരചന ഫൗസിയ അബൂബക്കർ, സംഗീതം നൽകി. പാടിയത് വിശ്വജിത്ത്, പി.ആർ.ഒ

പഞ്ചവടി റസിഡന്റ്സ് അസോസിയേഷൻ
തൃച്ചംബരം, തളിപ്പറമ്പ
പഞ്ചവടി റസിഡന്റ്സ് അസോസിയേഷൻ സംഘടിപ്പിച്ച പരിപാടിയിൽ എം.വി.ഐ ജെ.എസ്.ശ്രീകുമാർ ക്ലാസെടുക്കുന്നു

കുടുംബസംഗമവും ബോധവൽക്കരണ ക്ലാസും നടത്തി

തളിപ്പറമ്പ: തൃച്ചംബരം പഞ്ചവടി റസിഡന്റ്സ് അസോസിയേഷൻ കുടുംബസംഗമവും റോഡ് സുരക്ഷയും ട്രാഫിക്ക് നിയമങ്ങളും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസും നടത്തി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീകുമാർ ക്ലാസെടുത്തു. അസോസിയേഷൻ പ്രസിഡണ്ട് എ.വി. രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന ലക്ഷ്യത്തോടെ കുടുംബാംഗങ്ങൾക്ക് വാർഡ് കൗൺസിലർമാരായ രജനി രമാനന്ദ്, ദീപ രഞ്ജിത്ത് എന്നിവർ പച്ചക്കറി വിത്ത് വിതരണം ചെയ്തു. പി.വി. പ്രകാശൻ സ്വാഗതവും എൻ.എം. ഗീത നന്ദിയുയും പറഞ്ഞു.

മലയോര പാലങ്ങളുടെ തകർച്ച; എസ്.ടി.യു പ്രക്ഷോഭത്തിലേക്ക്

ആലക്കോട്: തളിപ്പറമ്പ്- കൂർഗ് ബോർഡർ റോഡിൽ കാലപ്പഴക്കത്താൽ അത്യന്തം തകർച്ചയിലായ ആലക്കോട്, കരുവഞ്ചാൽ, ചാണോക്കുണ്ട് പാലങ്ങൾ പുനർനിർമ്മിക്കുന്നതിൽ സർക്കാർ പുലർത്തുന്ന അനാസ്ഥക്കെതിരെ ശക്തമായ പ്രക്ഷോഭം നടത്തുന്നതിന് എസ്.ടി.യു ആലക്കോട് മേഖലാ കമ്മിറ്റി യോഗം തീരുമാനിച്ചു. മൂന്ന് പാലങ്ങളും അപകട ഭീഷണി നേരിടുമ്പോൾ ആലക്കോട്, കരുവഞ്ചാൽ പാലങ്ങളെ അവഗണിച്ച് ചാണോക്കുണ്ടിൽ മാത്രം പുതിയ പാലം നിർമ്മാണത്തിന് അനുമതി നൽകിയത് മലയോരത്തെ ജനങ്ങളോടുള്ള അവഗണനയും രാഷ്ട്രീയ പകപോക്കലാണെന്നും യോഗം കുറ്റപ്പെടുത്തി. വി.എ. റഹിം അധ്യക്ഷത വഹിച്ചു. ഒ.കെ. ഇബ്രാഹിംകുട്ടി, കെ.പി. നൗഷാദ്, കെ.പി. നസീർ, ബി. നാസർ, അബ്ദുൽ ശുക്കൂർ, കെ.എസ്. അഹമ്മദ്ഹാജി, ഒ.സി. ഹസൻ, മജീഷ്, സി.എച്ച്. നിസാർ, കെ.പി. മുഹമ്മദ് കുഞ്ഞി, സുലൈമാൻ പ്രസംഗിച്ചു. അബ്ദു മൂന്നാംകുന്ന് സ്വാഗതവും മുജീബ് നന്ദിയും പറഞ്ഞു.

6 മാസം കൊണ്ട് SSLC/+2

SSLC പാസ്സായവർക്ക് +2 കോഴ്സിനും 15 വയസ്സ് പൂർത്തിയായവർക്ക് SSLC ക്കും ചേരാം.
SSLC / +2 തോറ്റവർക്ക് തോറ്റ വിഷയം മാത്രം എഴുതി പാസ്സാകം.

6 മാസം കൊണ്ട്
BA/BCom/BCA/BBA/MBA/
MCA/ MCom/MA/MPhil etc./
(Break - in - Study)

ഡിപ്ലോമ കഴിഞ്ഞവർക്ക് ഡിഗ്രി
Air Line Management, Hotel Management, Travel & Tourism etc.

IASE COLLEGE
Payyannur : 04985209624
Taliparamba: 9895565624
9895900114